LIBRARY ARCHIVES Kerala Legislative Assembly

ദീനദയാൽ ഉപാദ്ധ്യായ ഗ്രാമ ജ്യോതി പദ്ധതി

74 (459) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ ആവിഷ്കരിച്ചിരിക്കുന്ന ദീനദയാൽ ഉപാദ്ധ്യായ ഗ്രാമജ്യോതി പദ്ധതി പ്രകാരം കാസർഗോഡ് ജില്ലയിൽ ഏതൊക്കെ പദ്ധതികൾ നടപ്പിലാക്കുന്നതിനാണ് പദ്ധതി സമർപ്പിച്ചിട്ടുള്ളത്; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾക്ക് അനുമതി ലഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ) ദീനദയാൽ ഉപാദ്ധ്യായ ഗ്രാമജ്യോതി യോജന പ്രകാരം കാസർഗോഡ് ജില്ലയിൽ നടപ്പിലാക്കുന്ന പ്രവൃത്തികൾ ചുവടെ ചേർക്കുന്നു:

(i) പുതിയ 11 കെ.വി. ലൈനുകൾ നിർമ്മിക്കുക

(ii) പുതിയ എൽ.റ്റി. ലൈനുകൾ നിർമ്മിക്കുക

(iii) ട്രാൻസ്ഫോമർ മീറ്റർ സ്ഥാപിക്കുക

(iv) സബ് സ്റ്റേഷൻ ഫീഡറുകളിൽ മീറ്റർ സ്ഥാപിക്കുക

(v) കേടായ ഗാർഹിക, കാർഷിക മീറ്ററുകൾ മാറ്റുക

(vi) ഇലക്ട്രോ മെക്കാനിക്കൽ മീറ്ററുകൾ മാറ്റുക

(vii) ബി.പി.എൽ. വിഭാഗക്കാരുടെ വീടുകൾ വൈദ്യുതീകരിക്കുക.

(ബി) ഉണ്ട്. കാസർഗോഡ് ജില്ലയിൽ 932.84 ലക്ഷം രൂപയുള്ള പ്രവൃത്തികൾക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

കൊടുവള്ളി നിയോജകമണ്ഡലത്തിലെ ട്രാൻസ്ഫോർമറുകൾ

75 (460) ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) R-APDRP പദ്ധതിപ്രകാരം കൊടുവള്ളി നിയോജകമണ്ഡലത്തിൽ എത്ര ട്രാൻസ്ഫോമറുകളാണ് അനുവദിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ എത്ര എണ്ണമാണ് സ്ഥാപിച്ചിട്ടുള്ളത്;